LIBRARY ARCHIVES Kerala Legislative Assembly

കോളേജിനുവേണ്ടി സർക്കാർ 32 അദ്ധ്യാപക തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്. ഇപ്പോൾ അവിടെ 25 സ്ഥിര അദ്ധ്യാപകർ ജോലി ചെയ്യുന്നു. അതിനുപുറമേ 10 ടീച്ചിംഗ് അസിസ്റ്റന്റുമാരെ കരാറടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമിച്ചിട്ടുണ്ട്. കാർഷിക സർവ്വകലാശാലയുടെ വിവിധ കോളേജുകളിലും സ്റ്റേഷനുകളിലുമുള്ള അദ്ധ്യാപക ക്ഷാമം പരിഹരിക്കുന്നതിന് 2010 യു.ജി.സി. റെഗുലേഷന്റെ അടിസ്ഥാനത്തിലുള്ള സ്റ്റാറ്റ്യൂട്ട് ഭേദഗതി നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുന്നു. സ്റ്റാറ്റ്യൂട്ടിന്റെ അംഗീകാരം ലഭിച്ചാലുടനെ ഒഴിവുകൾ നികത്താവുന്നതാണ്. പടന്നക്കാട് കാർഷിക കോളേജിൽ നിലവിലുള്ള തസ്തികകൾ, ഒഴിവുകൾ എന്നിവയുടെ വിശദാംശങ്ങളടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ

306 (1749) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ (ഗ്രേഡ്-II) റാങ്ക് ലിസ്റ്റ് (തിരുവനന്തപുരം) നിലവിലുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നത് ; നിലവിൽ പി.എസ്.സി.-യിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ബി) റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നതിന് മുൻപായി ഉണ്ടാകാവുന്ന ഒഴിവുകൾ കണ്ടെത്തി അവ നിയമനത്തിനായി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(സി) കന്നുകാലി സംരക്ഷണത്തിനും കുളമ്പ് രോഗ പ്രതിരോധത്തിനും മൃഗസംരക്ഷണ വകുപ്പിൽ മതിയായ രീതിയിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ ഇല്ലെന്നുള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന് പരിഹാരമായി അധികമായി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരെ നിയമിക്കുമോ ;

(ഡി) സംസ്ഥാനത്തെ വിവിധ ചെക്ക്പോസ്റ്റുകളിൽ ആവശ്യത്തിന് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ ഇല്ലാത്തത് കാരണം രോഗ ബാധിതമായ പക്ഷി-മൃഗാദികളെ അതിർത്തി കടന്ന് കേരളത്തിലേക്ക് കടത്തുന്നുവെന്നുള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇതിനായി എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എഫ്) തിരുവനന്തപുരം ജില്ലയിൽ നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള വർക്കിംഗ് അറേഞ്ച്മെന്റുകൾ ക്യാൻസൽ ചെയ്ത് ആ ഒഴിവുകളിൽകൂടി ഈ ലിസ്റ്റിൽ നിന്നും നിയമനത്തിനായി ശുപാർശ ചെയ്യുമോ ;

(ജി) നിലവിലെ റാങ്ക് ലിസ്റ്റിലെ എൻ.ജെ.ഡി. ഒഴിവുകൾ കാലതാമസം ഒഴിവാക്കി വീണ്ടും നിയമനം ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ?

ഉത്തരം

(എ) നിലവിലുണ്ട്. റാങ്ക് ലിസ്റ്റിന്റെ കാലാവധി 31-3-2015 വരെ നീട്ടിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ 22 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു

(സി) ആവശ്യത്തിന് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ നിലവിൽ ഉണ്ട്.

(ഡി&ഇ) ആവശ്യത്തിന് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ നിലവിൽ ഉണ്ട്. സർട്ടിഫിക്കറ്റ് പരിശോധന, നിരീക്ഷണം എന്നിവയ്ക്ക് ശേഷം മാത്രമേ ചെക്ക് പോസ്റ്റുകളിൽകൂടിവരുന്ന പക്ഷി മൃഗാദികളെ അതിർത്തി കടന്ന് പ്രവേശിക്കുവാൻ അനുവദിക്കുന്നുള്ളൂ.

(എഫ്) റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളിൽ പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന മുറയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റുകൾ ക്യാൻസൽ ചെയ്ത് നിയമനം നടത്തി വരുന്നു.

(ജി) നടപടി സ്വീകരിച്ചിട്ടുണ്ട്.

കാസർകോട് ജില്ലയിലെ വെറ്ററിനറി സർജൻമാർ

307 (1750) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോട് ജില്ലയിൽ ആകെ എത്ര വെറ്ററിനറി സർജൻമാരുടെ തസ്തികകളാണ് ഉള്ളതെന്ന് പറയാമോ ;

(ബി) ജില്ലയിൽ വെറ്ററിനറി സർജൻമാരുടെ എത്ര ഒഴിവുകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) കാഞ്ഞങ്ങാട് മണ്ഡലത്തിലെ കരന്തളം, കാലിച്ചാനടുക്കം മൃഗാശുപത്രികളിൽ മൂന്നുവർഷമായി വെറ്ററിനറി സർജൻമാരില്ലാത്തതിനാൽ പ്രദേശത്തെ ക്ഷീരകർഷകർ ബുദ്ധിമുട്ടനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇവിടങ്ങളിൽ വെറ്ററിനറി സർജൻമാരെ നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly